അഗ്നിശമനസേനയിലെ ഉദ്യോഗസ്ഥൻമാർ

1084 [2010] ശ്രീ. നാലകത്ത് സൂപ്പി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയിൽ 20 വർഷത്തിനുമുകളിൽ സർവ്വീസുള്ള ഉദ്യോഗസ്ഥൻമാരെപ്പോലും സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടില്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കൺഫർമേഷൻ ലഭിച്ചിട്ടില്ലാത്തതിന്റെ പേരിൽ 20 വർഷത്തോളം സർവ്വീസുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻമാരിൽനിന്ന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) 3 വർഷം പൂർത്തിയാക്കിയ എല്ലാ അഗ്നിശമന സേനാംഗങ്ങളേയും സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫയർഫോഴ്സ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ലിസ്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടിവന്നതിനാലാണ് കാലതാമസമുണ്ടാകുന്നത്.

(സി) പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിൻമേൽ അനന്തരനടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) അഗ്നിശമന വകുപ്പിൽ നിലവിലുള്ള സ്ഥിര തസ്തികകളുടെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം വിമാനത്താവളത്തിലെ കസ്റ്റംസ് ഉദ്യോഗസ്ഥൻമാർ

1085 [2011] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിൽ കസ്റ്റംസ് ഉദ്യോഗസ്ഥൻമാരുടെ പെരുമാറ്റം മൂലം വിദേശമലയാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗംഫ് മലയാളി കോൺഗ്രസ്സിന്റെ ഒരു നിവേദനത്തിൽ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്.

(ബി) വിമാനത്താവളങ്ങളിലെ കസ്റ്റംസ് ഉദ്യോഗസ്ഥൻമാരുടെ മോശമായ പെരുമാറ്റത്തെക്കുറിച്ച് കാലാകാലങ്ങളിൽ സംസ്ഥാന സർക്കാരിനു കിട്ടാറുള്ള പരാതികളും ആവശ്യമായ അനന്തര നടപടികളുംക്കായി കേന്ദ്ര സർക്കാരിനു അയച്ചുകൊടുക്കാറുണ്ട്.

മെഴുവേലി സെന്റ് ജോർജ് യാക്കോബായശാലേം പള്ളിവക വസ്തുവിന്റെ അവകാശത്തർക്കം

1086 [2013] ശ്രീ. ജി. കാർത്തികേയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഴുവേലി സെന്റ് യാക്കോബായശാലേം പള്ളിവക വസ്തു സംബന്ധിച്ച് അടുത്ത കാലത്തായി ഒരു അവകാശത്തർക്കം ഉണ്ടായിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ അടൂർ സർക്കിൾ ഇൻസ്പെക്ടർ ഇടവകയിലുള്ള ചിലർക്കെതിരെ 107–ാം വകുപ്പനുസരിച്ച് കേസ് എടുത്തിട്ടുണ്ടോ;

(സി) ഈ കേസിൽ നിരപരാധികളെ ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

സൗമ്യ എന്ന കുട്ടിയുടെ മരണം

1087 [2014] ശ്രീ. കെ. ടി. കുണാരൻ: താഴെക്കാണുന്നചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വച്ച് 24–5–1986–ന് സൗമ്യ എന്ന കുട്ടിയ്ക്ക് പോളിയോ ഇഞ്ചക്ഷൻ നൽകിയതിനെതുടർന്നുണ്ടായ മരണത്തെ സംബന്ധിച്ച് രക്ഷിതാവിൽനിന്നും കിട്ടിയ പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണകാരണം വ്യക്തമാക്കിയിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly